LIBRARY ARCHIVES Kerala Legislative Assembly

ഡിസ്പോസിബിൾ സിറിഞ്ച് ഉപയോഗശേഷം വീണ്ടും വിപണിയിലെത്തുന്നത് തടയാൻ നടപടി

63 (652) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡിസ്പോസിബിൾ സിറിഞ്ച് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഉപയോഗശേഷം വീണ്ടും വിപണിയിലെത്തുന്ന കാര്യം ശ്രദ്ധിയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെ സംബന്ധിച്ച് കഴിഞ്ഞ രണ്ട് വർഷത്തിനകം എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; എത്ര പോലീസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(സി) സിറിഞ്ചുകൾ ഉപയോഗശേഷം നശിപ്പിച്ച് കളയുന്നതിനും വീണ്ടും വിപണിയിൽ എത്താതിരിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ചില റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ഒരു കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത പോലീസ് കേസുകളെ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ആശുപത്രിയിലെ ഓരോ വാർഡും പരിശോധിച്ച് ഉപയോഗിച്ച സിറിഞ്ചും ഡ്രിപ്സെറ്റും മറ്റു പ്ലാസ്റ്റിക് വസ്തുക്കളും ഉപയോഗശൂന്യമാക്കാതെ പുറത്തേക്ക് നൽകുന്നുണ്ടോ എന്ന് പരിശോധിക്കുവാനും ടി വസ്തുക്കൾ നശിപ്പിക്കുന്നതിനുള്ള നീഡിൽ ഡെസ്ട്രോയർ (ഷ്രെഡർ) ഇല്ലാത്ത വാർഡുകളിൽ പ്രസ്തുത ഉപകരണം അടിയന്തരമായി ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും ആശുപത്രി സൂപ്രണ്ടുമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതു-സഹകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ച ചട്ടങ്ങൾ

64 (653) ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹീം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു-സഹകാര്യ ആശുപത്രികളുടെ സേവനങ്ങൾക്ക് ഈടാക്കാവുന്ന നിരക്കുകളും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളും നിശ്ചയിച്ച് ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള കേന്ദ്ര ഗവൺമെന്റ് നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റേതായ നിർദ്ദേശങ്ങളോ അഭിപ്രായങ്ങളോ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളും ചികിത്സാ സ്ഥാപനങ്ങളുമെല്ലാം രജിസ്റ്റർ ചെയ്തിട്ടുള്ളവയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവയ്ക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) രജിസ്ട്രേഷൻ നടപടികൾക്ക് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണെന്ന് വെളിപ്പെടുത്തുമോ ; ഇതേവരെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ) പൊതു-സ്വകാര്യ ആശുപത്രികളുടെ രജിസ്ട്രേഷനും നിയന്ത്രണത്തിനുമുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുറപ്പെടുവിക്കാനുദ്ദേശിക്കുന്ന ചട്ടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമായാലുടൻ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി&ഡി) സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും രജിസ്ട്രേഷൻ ചെയ്യണമെന്ന് പ്രത്യേക നിയമം നിലവിലില്ല.

അനലിസ്റ്റ് ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടി

65 (655) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അനലിസ്റ്റ് ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) തിരുവനന്തപുരം, എറണാകുളം , കോഴിക്കോട് ലാബുകൾ ഓരോന്നും ഏതൊക്കെ ജില്ലകളിൽനിന്നുള്ള സാമ്പിൾ പരിശോധനയാണ് നിർവ്വഹിച്ചുവരുന്നത് ;

(സി) പ്രതിവർഷം ഓരോ ലാബിനും പരിശോധിക്കാൻ കഴിയുന്ന സാമ്പിളുകളുടെ പരമാവധി പരിധി എത്രയാണ് ;

(ഡി) 2008-09, 2009-10 എന്നീ വർഷങ്ങളിൽ ഓരോ ലാബും എത്ര സാമ്പിളുകൾ പരിശോധിച്ചു എന്നും എത്രയെണ്ണത്തിൽ മായം കണ്ടെത്തി എന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly